ചെക്ക് പോസ്റ്റുകളിലെ ക്രമക്കേടുകൾ തടയാൻ നടപടി

*2 [190] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകളിൽ അഴിമതിയും ക്രമക്കേടും നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ചെക്കുപോസ്റ്റുകളിലെ ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്ന സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥ മേനോൻ):

(എ) ഉണ്ട്.

(ബി) സ്റ്റേറ്റുമെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

ശ്രീ. എസ്. ആർ. തങ്കരാജ്: വളരെയധികം ക്രമക്കേടുകൾ ചെക്ക് പോസ്റ്റുകളിൽ നടക്കുന്നുണ്ട് ഇത് കണ്ടുപിടിച്ച് കേസുകൾ എടുത്തിട്ടുണ്ടോ?

ശ്രീ. വി. വിശ്വനാഥമേനോൻ: ഈ കാര്യങ്ങൾ എല്ലാം പ്രതിപാദിക്കുന്ന വളരെ വിശദമായ സ്റ്റേറ്റുമെന്റാണ് ഇതോടൊപ്പം വച്ചിട്ടുള്ളത്.

ശ്രീ. എസ്. ആർ. തങ്കരാജ്: എടുത്തിട്ടുള്ള കേസുകളിൽ ഏതെങ്കിലും ശിക്ഷയിൽ അവസാനിച്ചിട്ടുണ്ട് എന്ന് പറയാൻ കഴിയുമോ?

ശ്രീ. വി. വിശ്വനാഥ മേനോൻ: കേസുകൾ എടുത്തിട്ടുണ്ട്, ശിക്ഷ കഴിഞ്ഞിട്ടുമുണ്ട്. അത് എത്ര വീതമെന്ന് പറയണമെങ്കിൽ പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. കെ. കെ. തോമസ്: നമ്മുടെ സംസ്ഥാന അതിർത്തികളിലെ ചെക്ക് പോസ്റ്റുകളുടെ നിയന്ത്രണം ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ ചുമതലയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. വിശ്വനാഥ മേനോൻ: ഇത്തവണത്തെ ബഡ്ജറ്റിൽ അതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. വാളയാർ ചെക്ക് പോസ്റ്റ് അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിൽ കൊണ്ടുവരാൻ പോകുന്നു.

ശ്രീ. സി. ടി. കൃഷ്ണൻ: വാളയാർ, ഗോവിന്ദാപുരം ചെക്ക് പോസ്റ്റുകളിൽ ക്രമക്കേടുകൾ നടക്കാൻ സാദ്ധ്യതയുണ്ട്. വാളയാറിൽ മണിക്കൂറുകളോളം ഗതാഗത തടസ്സമുണ്ടാകുന്നുണ്ട്. ഈയിടക്ക് പോലീസ് ഇടപെട്ട് അടിയും തല്ലുമൊക്കെ ഉണ്ടായിട്ടുണ്ട്. ഈ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്ത് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വിശ്വനാഥ മേനോൻ: വാളയാർ ചെക്ക് പോസ്റ്റിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും അവിടെ റോഡ് വീതി കൂട്ടാനും കൂടുതൽ കൗണ്ടറുകൾ തുടങ്ങാനുമുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ജെ. സക്കറിയ: തേവര ചെക്ക് പോസ്റ്റിലെ ഓഫീസറുടെ മേശവലിപ്പ് തുറന്നുവച്ചിരിക്കുകയാണെന്നും അതിലെ കടന്നു പോകുന്ന എല്ലാ വാഹനങ്ങളും 5 രൂപ അതിൽ നിക്ഷേപിക്കണമെന്നും അത് മാസം കൂടുമ്പോൾ ഒന്നിച്ചെടുത്ത് വീതം വയ്ക്കുകയാണെന്നുമുള്ള ആക്ഷേപം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. വിശ്വനാഥ മേനോൻ: അങ്ങനെയൊരാക്ഷേപം ബഹുമാനപ്പെട്ട മെമ്പർ തരികയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

കാർഷികാദായ നികുതിയുടെ ഘടനയിൽ മാറ്റം വരുത്താൻ നടപടി

*3 [191] ശ്രീ. ഇ. അഹമ്മദ്:
,, നാലകത്ത് സൂപ്പി:
,, സി. ടി. അഹമ്മദ് അലി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, എം. ജെ. സഖറിയ: താഴെ കാണുന്ന ഉപാദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാദായ നികുതിയുടെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥ മേനോൻ): (എ, ബി) കാർഷികാദായ നികുതിയുടെ ഘടനയിൽ സമഗ്രമായ മാറ്റം വരുത്തിക്കൊണ്ട് 1991 മാർച്ച് 27-ാം തീയതി നിയമസഭ പാസ്സാക്കിയ കാർഷികാദായ നികുതി നിയമം - 1-4-1991 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതനുസരിച്ച് മൂന്ന് ഹെക്ടർ വരെ ഭൂമി കൈവശമുള്ള കൃഷിക്കാരെ നികുതി നൽകുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. 20 ഹെക്ടർ വരെ ഭൂമി കൈവശമുള്ള കൃഷിക്കാർക്ക് കുടുംബങ്ങളിന്റെ അടിസ്ഥാനത്തിലോ ആദായത്തിന്റെ അടിസ്ഥാനത്തിലോ നികുതി നൽകാം. ഇതിനു പുറമേ കൃഷിക്കാർക്ക് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പ്രോൽസാഹനം നൽകുന്നതിനും ഉദ്യോഗസ്ഥൻമാരിൽ നിന്നുള്ള പീഡനം ഒഴിവാക്കുന്നതിനും തദ്ദാര സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ ഒട്ടേറെ വ്യവസ്ഥകളും നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി: ഈ നിയമം ഈ സഭ പാസ്സാക്കിയെങ്കിലും നടപ്പിൽ വരുത്തുമ്പോൾ പ്രായോഗികമായ ഒട്ടേറെ ബുദ്ധിമുട്ടുകൾ കർഷകർക്ക് ഉണ്ടാകും. അവ പരിഹരിക്കുന്നതിന് ആവശ്യമായ ഭേദഗതികളും ഈ നിയമത്തിൽ വരുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 2 (190) കാണുക]

സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റുകളിലെ ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ

ചെക്ക് പോസ്റ്റുകളിലെ അഴിമതിയും ക്രമക്കേടും സംബന്ധിച്ച പരാതികളിൻമേൽ ബന്ധപ്പെട്ട ഡപ്യൂട്ടി കമ്മീഷണർമാർ, ഡപ്യൂട്ടി കമ്മീഷണർ, ഇൻറലിജൻസ് തുടങ്ങിയവർ മുഖാന്തിരം അന്വേഷണം നടത്തുകയും അന്വേഷണത്തിൻെറ വെളിച്ചത്തിൽ യുക്തമായ നടപടികൾ എടുത്തു പോരുകയും ചെയ്യുന്നുണ്ട്. അഴിമതിയും ക്രമക്കേടുകളും ഉണ്ടെന്നു തെളിയിക്കപ്പെട്ട കേസുകളിൽ ചെക്ക്പോസ്റ്റുദ്യോഗസ്ഥൻമാരുടെ മേൽ സ്ഥലംമാറ്റം, സസ്പെൻഷൻ, ഇൻക്രിമെൻറ് തടയൽ തുടങ്ങിയ നിയമപരമായ എല്ലാ അച്ചടക്ക നടപടികളും എടുത്തു പോരുന്നുണ്ട്.

റവന്യൂബോർഡ് മെമ്പർ സെക്രട്ടറിമാർ, വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥൻമാർ എന്നിവർ ഇടയ്ക്കിടെ ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇൻറലിജൻസ് സ്ക്വാഡുകളിലെ ഉദ്യോഗസ്ഥൻമാർ ഇടയ്ക്കിടെ ചെക്ക് പോസ്റ്റുകളിലെ ഉദ്യോഗസ്ഥൻമാരെ മാറ്റി നിർത്തി ടേക്ക് ഓവർ ചെയ്ത് ചരക്കു വാഹനങ്ങൾ പരിശോധന നടത്തുന്നു.

ചെക്ക് പോസ്റ്റുകൾ വഴി കടന്നുവരികയും പോവുകയും ചെയ്യുന്ന വാഹനങ്ങൾ ഇൻറലിജൻസ് വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർ വഴിയിൽ നിന്ന് ഓവർ ചെക്ക് ചെയ്ത് ക്രമക്കേടുകൾ ഉണ്ടോ എന്ന് പരിശോധിക്കുന്നു. ഇൻറലിജൻസ് വിഭാഗത്തിലെ ഇൻറർ സ്റ്റേറ്റ് ഇൻവെസ്റ്റിഗേഷൻ വിഭാഗം ഉദ്യോഗസ്ഥൻമാർ ചെക്ക് പോസ്റ്റുകളിൽനിന്നും ചരക്കുവാഹന ഗതാഗതം സംബന്ധിച്ച എക്സ്ട്രാക്റ്റുകൾ എടുത്ത് ബന്ധപ്പെട്ട കച്ചവടക്കാരുടെ കണക്കുകളും ബാങ്ക് മുഖാന്തിരമുള്ള ഇടപാടുകളും റയിൽവേ വഴിയുള്ള കടത്തുകളും മറ്റും പരിശോധിച്ച് ക്രമക്കേടുകൾ ഉണ്ടോ എന്നു പരിശോധിക്കുകയും ആവശ്യമായ രേഖകൾ അസസ്മെൻറ് വിഭാഗത്തിന് കൈമാറുകയും ചെയ്യുന്നു.

കേരള പെട്രോളിയം നികുതി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ചെക്ക് പോസ്റ്റുകൾ വഴി കടന്നു പോകുന്ന ചരക്കു വാഹനങ്ങൾ കർശനമായി പരിശോധിക്കാൻ വേണ്ട നിർദ്ദേശങ്ങൾ അപ്പപ്പോൾ നൽകിപ്പോരുന്നു.

16-8-1986-ലെ (ആർ റവ.) 587/86/റവ.ഡി. നമ്പർ ഉത്തരവ് പ്രകാരം അമരവിള, ആര്യങ്കാവ്, വാളയാർ, ബംഗ്രമഞ്ചേശ്വരം, എന്നീ പ്രധാനപ്പെട്ട അതിർത്തി ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുകയും അവയുടെ നിയന്ത്രണം സെയിൽസ് ടാക്സ് ആഫീസർമാരുടെ കീഴിലാക്കുകയും ചെയ്തിട്ടുണ്ട്.

13-10-1988-ലെ ജി. ഒ. (എം.എസ്.) 140/88/റവ.ഡി. നമ്പർ ഉത്തരവ് പ്രകാരം നികുതി വെട്ടിപ്പു തടയുന്നതിനും റവന്യൂ വരുമാനം കൂട്ടുന്നതിനുമായി ഇൻറലിജൻസ് വിഭാഗം ശക്തിപ്പെടുത്തുകയും പുനഃസംഘടിപ്പിക്കുകയും ചെയ്തു. തത്ഫലമായി സംസ്ഥാനത്തൊട്ടാകെ പുതുതായി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I—(തുടർച്ച)

15 ഇൻറലിജൻസ് സ്ക്വാഡുകളും കൂടി സ്ഥാപിക്കപ്പെട്ടു. അതാതു ജില്ലകളിലെ ചെക്ക് പോസ്റ്റുകളുടെ സർവൈലൻസ് നടത്താൻ അതാതു പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നു.

ഇതിനെല്ലാം പുറമേ 1991-92-ലെ ബഡ്ജറ്റ് നിർദ്ദേശത്തിൽ വാളയാർ ചെക്ക് പോസ്റ്റിൻെറ നിയന്ത്രണം അസിസ്റ്റൻറ് കമ്മീഷണറുടെ കീഴിലാക്കാനും ഗുലാത്തി കമ്മിറ്റി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ചെക്ക് പോസ്റ്റ് പ്രവർത്തനങ്ങൾ പുനഃസംവിധാനം ചെയ്യാനും ചെക്ക് പോസ്റ്റുകളിലെ ഡിക്ലറേഷനുകളുടെ വിവരങ്ങൾ യഥാക്രമം ശേഖരിച്ച് ഉപയോഗപ്പെടുത്തുന്നതിന് കമ്പ്യൂട്ടർ പ്രയോജനപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

അനുബന്ധം II

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 6 (194) കാണുക]

പ്ലാൻേറഷൻ ലേബർ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന എല്ലാവിധ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അപ്രകാരം തോട്ടങ്ങളിൽ കാൻറീൻ, ക്രഷേ, വിനോദ ഉപാധികൾക്കുള്ള സ്ഥലം, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ, സൗജന്യ പാർപ്പിടം, ചികിൽസാ സൗകര്യങ്ങൾ എന്നിവയില്ലാത്ത തോട്ടങ്ങളിൽ അവയേർപ്പെടുത്തുന്നതിനും ഈ കാര്യങ്ങളിൽ പോരായ്മ കണ്ടിട്ടുള്ള തോട്ടങ്ങളിൽ അവ പരിഹരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. ലേബർ കമ്മിഷണർ തോട്ടം ഉടമാ പ്രതിനിധികളുമായി 1989-ൽ തന്നെ ചർച്ച ചെയ്യുകയും ഒരു സമയപരിധി നിർണ്ണയിച്ച് ഓരോ തോട്ടമുടമയും ഓരോ കൊല്ലം ചെയ്യേണ്ട കാര്യങ്ങളിൽ ഒരു ടാർജറ്റ് നിർണ്ണയിക്കുകയും അത് കാലാകാലങ്ങളിൽ വിലയിരുത്തുകയും ചെയ്തുവരുന്നുണ്ട്. 18-3-1991-ൽ നടന്ന വിലയിരുത്തലിൽ ഏതാണ്ട് 70 ശതമാനം കാര്യങ്ങൾ പൂർത്തീകരിക്കപ്പെട്ടു എന്നാണ് അറിവായിട്ടുള്ളത്. കൂടാതെ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കാണുന്നതിനായി പ്ലാൻേറഷൻ ലേബർ കമ്മിറ്റി, പ്ലാൻേറഷൻ മെഡിക്കൽ അഡ്വൈസറി ബോർഡ്, പ്ലാൻേറഷൻ ഹൗസിംഗ് അഡ്വൈസറി ബോർഡ് എന്നിവ പുനഃസംഘടിപ്പിച്ചും ഇവയുടെ സേവനങ്ങൾ ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. തോട്ടം തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ച് 14-2-1990-ൽ കൂടിയ പ്ലാൻേറഷൻ ലേബർ കമ്മിറ്റിയിൽ 14-2-1989 മുതൽ പ്രാബല്യം നൽകിക്കൊണ്ടുള്ള ഒരു ഒത്തുതീർപ്പ് കരാർ ഒപ്പുവയ്ക്കുകയും അതിൻെറ അടിസ്ഥാനത്തിലുള്ള വർദ്ധിച്ച വേതനം ഇപ്പോൾ തോട്ടം തൊഴിലാളികൾക്ക് ലഭിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly